പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 456 19.03.2013 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സമ്മർദ്ദിത പ്രകൃതി വാതകം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>" ജെയിംസ് മാത്യു<br>" വി. ശിവൻകുട്ടി<br>" ബി.ഡി. ദേവസ്സി | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സമ്മർദ്ദിത പ്രകൃതി വാതക ഇന്ധനം ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | സി.എൻ.ജി.യിലേക്ക് മാറ്റുന്നതു മൂലമുള്ള പ്രായോജനം വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങളും അതിനുവേണ്ടിവരുന്ന നിക്ഷേപവും എത്രയെന്ന് വിശദമാക്കാമോ; | (ബി) | അന്തരീക്ഷ മലിനീകരണം വളരെ കുറയ്ക്കുന്നതാണ് പ്രധാന നേട്ടം. കെ.എസ്.ആർ.ടി.സി. യിൽ 6000-നുമേൽ ബസ്സുകളുണ്ട്. സമതല പ്രദേശങ്ങളാണ് സി.എൻ.ജി. ഉപയോഗിച്ചുള്ള ബസ്സുകൾ ഓടിക്കുന്നതിന് അനുയോജ്യം. കേരളത്തിൽ സമതല പ്രദേശങ്ങൾ കുറവായതിനാൽ എല്ലാ ബസ്സുകളും സി.എൻ.ജി. യിലേക്ക് മാറ്റുന്നത് പ്രായോഗികമല്ല. കൂടാതെ, ഒരു ബസ് സി.എൻ.ജി.യിലേക്ക് മാറ്റുന്നതിന് നാല് ലക്ഷം രൂപയോളം ചെലവ് വരും. മാറ്റം ചെയ്തതിനു ശേഷം 12 വർഷമെങ്കിലും ടി വാഹനം ഓടിച്ചാൽ മാത്രമേ മുടക്കുമുതൽ തിരിച്ച് കിട്ടുകയുള്ളൂ. ആയതിനാൽ മൂന്ന് വർഷത്തിൽ താഴെ പഴക്കമുള്ള ബസ്സുകൾ മാത്രമേ സി.എൻ.ജി. യിലേയ്ക്ക് മാറ്റുവാൻ കഴിയൂ. സി.എൻ.ജി. നിലവിൽ കേരളത്തിൽ ലഭ്യമല്ല. ലഭ്യമായ വില വച്ച് സാമ്പത്തിക നേട്ടമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | സി.എൻ.ജി.യിലേക്ക് മാറ്റാൻ അനുയോജ്യമായ എത്ര ബസ്സുകൾ നിലവിലുണ്ട്; ബസ്സ് ഒന്നിന് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; സി.എൻ.ജി. യുടെ ലഭ്യതയും വിലയിലുണ്ടാവുന്ന മാറ്റങ്ങളും വിലയിരുത്തിയിട്ടുണ്ടോ; | (സി) യും (ഡി) യും | സി.എൻ.ജി. യിലേക്ക് മാറ്റുവാൻ അനുയോജ്യമായ 1,384 ബസ്സുകൾ നിലവിലുണ്ട്. സി.എൻ.ജി. യിലേക്ക് മാറ്റുന്നതിന് ബസ്സൊന്നിന് നാല് ലക്ഷം രൂപ ചെലവ് വരും. കേരളത്തിൽ കൊച്ചിയിലാണ് CNG പ്രാഥമികമായി ലഭ്യമാകുക. വിലയിലുണ്ടാകുന്ന മാറ്റത്തെ കുറിച്ച് ഇപ്പോൾ പറയാൻ കഴിയില്ല. |

| | | | |
|---|---|---|---|
| (ഡി) | നിലവിലുള്ള എത്ര ബസ്സുകൾ എത്ര സമയത്തിനകം ആകെ എന്തു ചെലവിൽ, സി.എൻ.ജി. യിലേക്ക് മാറ്റാൻ സാധ്യമാകും; ഇതിനാവശ്യമായ ഫണ്ട് ഏതെല്ലാം സ്രോതസ്സുകളിൽ നിന്ന് ലഭ്യമാകും; അതുവരെ കെ.എസ്. ആർ.ടി.സി. യ്ക്ക് എല്ലാ സർവ്വീസ്സുകളും ഓപ്പറേറ്റ് ചെയ്യാൻ സാധിക്കുംവിധം എന്തു സഹായമാണ് നൽകുന്നതെന്ന് വിശദമാക്കുമോ? | | ബസ്സുകൾ മാറ്റുന്നതോടൊപ്പം തന്നെ സി.എൻ.ജി. സ്റ്റേഷനുകളും സ്ഥാപിക്കേണ്ടതാണ്. ഇക്കാര്യങ്ങളിൽ കൃത്യമായ സമയ ദൈർഘ്യം ഇപ്പോൾ പറയാൻ കഴിയുന്നില്ല. ഫണ്ട് സംബന്ധിച്ച് തീരുമാനം എടുക്കേണ്ട തായിട്ടുണ്ട്.<br>ഡീസൽ വില വർദ്ധനവ് ഉണ്ടായപ്പോൾ രണ്ട് മാസത്തെ അധിക ബാദ്ധ്യത കണക്കാക്കി 28 കോടി രൂപ അനുവദിച്ചു. സ്പെഷ്യൽ പാക്കേജായി 50 കോടി രൂപയും മാർച്ച് മാസത്തിൽ 25 കോടി രൂപയും കെ.എസ്.ആർ.ടി.സി. ക്ക് അനുവദിച്ചു. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും മറ്റു സ്വകാര്യ പമ്പുകളിൽ നിന്നും വിപണി വിലയ്ക്ക് ഡീസൽ നിറയ്ക്കുന്നതിനെ സംബന്ധിച്ച് നിർദ്ദേശങ്ങൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ